പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3786 21.6.2018 ലെ മറുപടിക്ക്

**കയർ ഉല്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പാക്കുന്നതിന് ഫണ്ട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി.<br>ശ്രീ. വി.ആർ. സുനിൽ കുമാർ<br>ശ്രീമതി സി.കെ. ആശ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയർ ഉല്പന്നങ്ങളുടെ പ്രചരണത്തിനും കയർ മേഖലയിലെ വിപണന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | എ) കയർ ഉല്പന്നങ്ങളുടെ പ്രചരണത്തിനും കയർ മേഖലയിലെ വിപണന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എംഡിഎ) നൽകി വരുന്നു.<br>2. ഉൽപ്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.<br>3. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ക്രയവിലസ്ഥിരതാ പദ്ധതി പ്രകാരം കയർഫെഡിനും, കേരള സംസ്ഥാന കയർ കോർപ്പറേഷനും കയർ വിപണിയിൽ ഇടപെട്ട് യാൺ / ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് ന്യായവില നൽകി സംഭരണം നടത്തുന്നതിന് ഈ പദ്ധതി പ്രകാരം ഫണ്ട് അനുവദിക്കുന്നുണ്ട്.<br>4. 2017 -ലെ ഓണക്കാലത്ത് കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118 ഓളം സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതി നടപ്പാക്കി.<br>5. ഉൽസവകാലങ്ങളിൽ താൽക്കാലിക വിൽപ്പന ശാലകൾ വഴിയുള്ള വിൽപ്പന നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>6. കയർ ഉല്പന്നങ്ങളുടെ വിപണി ദേശവ്യാപകമായി വികസിപ്പിക്കുന്നത് ലക്ഷ്യമിട്ട് ഒരു കയർ ഉല്പന്ന മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്തിന് പുറത്ത് കയർഫെഡിനും കേരള സംസ്ഥാന കയർ കോർപ്പറേഷനും ഡിപ്പോകളും വിപണന കേന്ദ്രങ്ങളും ഉണ്ട്. ഇവയ്ക്ക് പുറമേയാണ് നവീന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള ഇത്തരമൊരു കമ്പനി സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. |

| | |
|---|---|
| ബി) കയർ, ചകിരിനാര്, കയർ ഉല്പന്നങ്ങൾ എന്നിവയുടെ വിലസ്ഥിരത ഉറപ്പാക്കുന്നതിന് ഫണ്ട് നിലവിലുണ്ടോ; വിശദമാക്കുമോ; | ബി) കയർ, ചകിരി നാര്, കയർ ഉല്പന്നങ്ങൾ എന്നിവയുടെ വിലസ്ഥിരത ഉറപ്പാക്കുന്നതിന് ക്രയവില സ്ഥിരതാ പദ്ധതി നടപ്പിലാക്കുന്നു. 2018-19 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിനായി 45 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ എന്നിവയ്ക്ക് ഫണ്ട് അനുവദിക്കുന്നുണ്ട്. |
| സി) കയർ ഭൂവസ്ത്ര വികസനത്തിനായും കയർ ഭൂവസ്ത്രത്തെ ഒരു സ്റ്റാൻഡേർഡ് നിർമ്മാണ ഉല്പന്നമായും മാറ്റുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | സി) നദി, ജലം, തീരപ്രദേശം എന്നിവയുടെ സംരക്ഷണത്തിനായി കയർ ഭൂവസ്ത്രം വ്യാപകമാക്കുന്നതിന് പദ്ധതിയുണ്ട്. നിലവിൽ തദ്ദേശ ഭരണ വകുപ്പിന്റെ സഹായത്തോടെ MGNREGS പദ്ധതികളിൽ കൃഷി, മണ്ണ് ജല സംരക്ഷണം, റോഡ് നിർമ്മാണം എന്നിവയ്ക്കായി ജിയോടെക്സ്റ്റൈയിൽസ് ഉപയോഗപ്പെടുത്തി വരുന്നു. കയർ പിരി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ പൂർണ്ണമായും ആഭ്യന്തര വിനിയോഗത്തിന് ഈ നടപടി വഴി സാധിക്കുന്നതാണ്. ഇതിനായി വിപുലമായ പഠന പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു കഴിഞ്ഞു. കയർ കേരള 2017 ൽ 120 കോടിയോളം രൂപയുടെ കയർ ഭൂവസ്ത്രം വിപണനം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളുമായി ധാരണാപത്രം ഒപ്പിട്ട് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതിയുടെ ഭാഗമായി, നാഷണൽ കയർ റിസർച്ച് & മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട്, കയർ ഭൂവസ്ത്ര നിർമ്മാണത്തിനുള്ള "ന്യൂമാറ്റിക് ജിയോ ടെക്സ്റ്റയിൽ ലൂം" എന്ന മെഷീൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്.<br>2. നദീതടങ്ങൾ, കുളങ്ങൾ, തോടുകൾ, ജലപാതകൾ എന്നിവയുടെ ചരിവ് തലങ്ങളിലാണ് കയർ ഭൂവസ്ത്രങ്ങൾ വിരിക്കുന്നത്. തീരപ്രദേശങ്ങളിൽ കയർ സീ ബാഗുകൾ തീര സംരക്ഷണത്തിനായി ഉപയോഗിക്കുന്നു.<br>3. റോഡുകൾ, ചരിഞ്ഞ കൃഷിയിടങ്ങൾ, വെള്ളപ്പൊക്കഭീഷണിയുള്ള പ്രദേശങ്ങൾ, മണ്ണൊലിപ്പുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിലും ഭൂവസ്ത്രം ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കും.<br>4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ വിവിധ മണ്ണ് / ജല സംരക്ഷണ പ്രവർത്തികളിലൂടെയാണ് കയർ ഭൂവസ്ത്ര വിതാന പദ്ധതി നടപ്പിലാക്കുന്നത്. ഇതിനാവശ്യമായ കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്നത് കയർപൊതുമേഖലാ സ്ഥാപനങ്ങളായ കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ് സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവരാണ്.<br>5. തൊഴിലുറപ്പ് പദ്ധതിയുടെ മണ്ണ്-ജല-സംരക്ഷണ പ്രോജക്ടുകളിൽ കയർഭൂവസ്ത്രം ഉപയോഗിക്കുന്നതിന് വിശദമായ നിർദ്ദേശങ്ങൾ ഉത്തരവായിട്ടുണ്ട്. |

| | |
|---|---|
| ഡി) കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ കയറ്റുമതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഡി) കേരള സംസ്ഥാന കയർ കോർപ്പറേഷൻ 2017-18 സാമ്പത്തിക വർഷം 11.26 കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ നേരിട്ട് കയറ്റുമതി ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ